## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം
## പോലീസ് സേനയിലെ അംഗസംഖ്യ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5283 31/10/2016-ൽ മറുപടിക്ക്**

**ചോദ്യം**

**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**

**മറുപടി**

**പിണറായി വിജയൻ (മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| എ) | സംസ്ഥാന പോലീസ് സേനയിലെ ആകെ അംഗസംഖ്യ എത്ര ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ; റിസർവ്വ് പോലീസിലെയും ബറ്റാലിയനുകളിലെയും അംഗസംഖ്യ എത്ര വീതമെന്ന് വ്യക്തമാക്കുമോ ; | എ) | സംസ്ഥാന പോലീസ് സേനയിലെ ആകെ അംഗസംഖ്യ -52076 ബറ്റാലിയനിലെ അംഗസംഖ്യ -8703 ജില്ല തിരിച്ചുള്ള അംഗസംഖ്യ റിസർവ്വ് പോലീസിന്റെ എണ്ണം ഉൾപ്പെടെ ഇതോടൊപ്പം അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു. |
| ബി) | സംസ്ഥാനത്ത് പോലീസ് സേനയിലെ അംഗസംഖ്യ നിശ്ചയിക്കുന്ന മാനദണ്ഡം എന്താണ് ; നിലവിൽ സംസ്ഥാനത്ത് ആവശ്യത്തിന് പോലീസ് സേനാംഗങ്ങൾ ഉണ്ടോയെന്ന് വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ എത്ര കുറവാണ് ; പ്രസ്തുത ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ ; | ബി) | പി &എ.ആർ.ഡി നടത്തിയ വർക്ക് സ്റ്റഡി .റിപ്പോർട്ട് അനുസരിച്ച് ജനസംഖ്യ പോലീസ് അനുപാതം 500:1 എന്ന തോതിലാകണമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്. നിലവിൽ സംസ്ഥാനത്ത് 500 :1 എന്ന് തോത് കണക്കാക്കുമ്പോൾ പോലീസ് സേനാംഗങ്ങളുടെ എണ്ണത്തിൽ കുറവുണ്ട്. 500 :1 എന്ന് അനുപാതത്തിൽ പോലീസ് സേനാംഗങ്ങളുടെ എണ്ണം കണക്കാക്കുന്നതിനായി ശാസ്ത്രീയ മാർഗ്ഗങ്ങൾ ഉൾപ്പെടുത്തി വിശദമായ പഠനം ആവശ്യമായിട്ടുണ്ട്. |
| സി) | സിറ്റികളിൽ പോലും ആവശ്യത്തിന് പോലീസ് സേനാംഗങ്ങൾ ഇല്ലാത്തതിനാൽ പലപ്പോഴും | സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ ഇക്കാര്യത്തിൽ ട്രാഫിക്ക് ഉദ്യോഗസ്ഥരുടെ കുറവ് ഡ്യൂട്ടി സമയം |

| | | | |
|---|---|---|---|
| | ക്രമസമാധാന പ്രശ്നങ്ങളും ട്രാഫിക് പ്രശ്നങ്ങളും ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | | ക്രമീകരിച്ചുകൊണ്ട് പരിഹരിക്കുന്ന സമീപനമാണ് അനുവർത്തിക്കുന്നത് |
| ഡി) | തിരുവനന്തപുരം സിറ്റിയിൽ ബേക്കറി ജംഗ്ഷനടുത്ത് നിയമസഭയിൽ നിന്നും മന്ത്രിമാരും മറ്റ് ഉദ്യോഗസ്ഥരും സെക്രട്ടേറിയറ്റിലേക്ക് പോകുന്ന വഴി പാലത്തിനടിയിലെ പോയിന്റിനടുത്ത് ട്രാഫിക് പോലീസിനെ സ്ഥിരമായി നിയമിക്കുമോ ; നിലവിൽ ഒരു സബ് ഇൻസ്പെക്ടറും ഒരു പോലീസ് കോൺസ്റ്റബിളും ഉണ്ടെങ്കിലും ട്രാഫിക് തിരക്ക് നോക്കാതെ അവർ ഹെൽമറ്റ് ചെക്കിംഗ് നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ഡി) | തിരുവനന്തപുരം സിറ്റിയിൽ ബേക്കറി ജംഗ്ഷനടുത്ത് സ്ഥിരമായി പോലീസിനെ നിയമിച്ചിട്ടുണ്ട്. ട്രാഫിക് തിരക്ക് നോക്കാതെ ട്രാഫിക്ക് ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ട പോലീസ് ഉദ്യോഗസ്ഥർ വാഹന പരിശോധന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഇ) | തിരക്കുള്ള സ്ഥലങ്ങളിൽ പോലീസ് ഉദ്യോഗസ്ഥർ ട്രാഫിക് ശ്രദ്ധിക്കാതെ തൊട്ടടുത്ത് ഹെൽമറ്റ് പരിശോധനയും സീറ്റ് ബൽറ്റ് പരിശോധനയും നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത്തരത്തിൽ പരാതി ലഭിച്ചാൽ ആഭ്യന്തര വകുപ്പ് നടപടി സ്വീകരിക്കുമോ ; | ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്. |
| എഫ്) | പ്രധാന സിറ്റികളിലും തിരക്കുള്ള സ്ഥലങ്ങളിലും ട്രാഫിക് ശ്രദ്ധിക്കുവാൻ ആവശ്യമായ നിർദ്ദേശം സംസ്ഥാന പോലീസ് മേധാവിക്ക് രേഖാമൂലം നൽകുമോ ? | എഫ്) | സംസ്ഥാനത്തെ ട്രാഫിക് നിയന്ത്രണത്തിനും വാഹന പരിശോധനയ്ക്കും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർ നൽകിയിട്ടുണ്ട്. അവ കർശനമായും പാലിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| **ജില്ല** | **അംഗസംഖ്യ** |
|---|---|
| തിരുവനന്തപുരം സിറ്റി | 3625 |
| തിരുവനന്തപുരം റൂറൽ | 2133 |
| കൊല്ലം സിറ്റി | 1571 |
| കൊല്ലം റൂറൽ | 866 |
| പത്തനംതിട്ട | 1338 |
| ആലപ്പുഴ | 2106 |
| കോട്ടയം | 2233 |
| ഇടുക്കി | 2151 |
| എറണാകുളം സിറ്റി | 2979 |
| എറണാകുളം റൂറൽ | 2112 |
| തൃശൂർ സിറ്റി | 1687 |
| തൃശൂർ റൂറൽ | 1312 |
| പാലക്കാട് | 2481 |
| മലപ്പുറം | 2186 |
| കോഴിക്കോട് സിറ്റി | 2147 |
| കോഴിക്കോട് റൂറൽ | 1626 |
| വയനാട് | 1072 |
| കണ്ണൂർ | 2883 |
| കാസർഗോഡ് | 1598 |

Section Officer